# ഗവ. ഹയർസെക്കണ്ടറി സ്കൂൾ
# പെരിങ്ങോളം

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

"ഓരോ കുട്ടിയുടെയും ഭാവിഭാഗധേയം
നിർണയിക്കുന്നത് ക്ലാസ് മുറികളിലാണ്."

പുതുതലമുറക്ക് അനുയോജ്യമായ വിദ്യാഭ്യാസം
നൽകൽ വിദ്യാലയങ്ങളുടെ കടമയാണ്.
പഠനലക്ഷ്യങ്ങൾ കുട്ടികളിലെത്തിക്കാൻ
അധ്യാപകരുടെ കൃത്യമായ ആസൂത്രണം ആവശ്യമാണ്.
ഓരോ കുട്ടിയുടെയും കഴിവുകൾ
വ്യത്യസ്ത തലങ്ങളിലായിരിക്കും. അതിനനുസരിച്ച്
ഓരോ അധ്യാപകനും ഓരോ മെന്ററായി പ്രവർത്തിക്കണം.
ആന്തരിക ബാഹ്യ ഇടപെടലിലൂടെ മെച്ചപ്പെട്ട
അറിവ് സമ്പാദിക്കാൻ ഉതകുന്ന തരത്തിലുള്ള
ആസൂത്രണമാണ് വേണ്ടത്. പഠനവും സഹപഠനവും
പരസ്പരം ബന്ധപ്പെടുത്തി കായികവും
ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്ന
തരത്തിലുള്ള മാസ്റ്റർ പ്ലാനുകൾ ഇതിനകം
തന്നെ നമ്മൾ രൂപപ്പെടുത്തിയിട്ടുണ്ട്.
കാലാകാലങ്ങളിൽ പരിഷ്ക്കരിച്ച പതിപ്പ്
നമ്മെ മുന്നോട്ട് നയിക്കുന്നു. അത്തരത്തിലുള്ള
ഒരു മാസ്റ്റർ പ്ലാനാണ് ഇവിടെ അവതരിപ്പിക്കുന്നത്.
മെന്റർമാർ, രക്ഷിതാക്കൾ, പ്രാദേശിക വിഭവങ്ങൾ,
വിദ്യാലയങ്ങളിലെ ഔപചാരിക സംഘങ്ങൾ,
ഗുണകാംക്ഷികൾ എന്നിവരെല്ലാം ഇതിനോട് സഹകരിച്ചിട്ടുണ്ട്.
ഈയൊരു ആസൂത്രണ രേഖ എല്ലാ തലങ്ങളിലും
ഉപകാരപ്രദമായിരിക്കും എന്ന് കരുതുന്നു.

*ആശസിന്ധു.വി.ആർ*
*പ്രധാനാധ്യാപിക*
*ജി.എച്ച്.എസ്.എസ്*
*പെരിങ്ങൊളം*

മാറിക്കൊണ്ടിരിക്കുന്ന പൊതു
വിദ്യാഭ്യാസത്തിനുതകുന്ന
തരത്തിൽ കുട്ടികളെ പ്രാപ്തരാക്കുന്നതിൽ
അക്കാദമിക മാസ്റ്റർ പ്ലാനുകൾക്ക്
മുഖ്യപങ്ക് വഹിക്കാനുണ്ട്.

ഒരു വർഷം നീണ്ടു നിൽക്കുന്ന
അക്കാദമിക പ്രവർത്തനങ്ങൾ
ചിട്ടയായ രീതിയിൽ രൂപപ്പെടുത്തുന്നതിൽ
കൃത്യമായി
പ്രവർത്തിച്ചവർക്കും
എല്ലാവിധ പിന്തുണയും
അർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
തുടർ പ്രവർത്തനങ്ങൾക്ക്
എല്ലാവിധ ആശംസകളും നേരുന്നു.

**റഷീദ് പി**
*പി.ടി.എ പ്രസിഡണ്ട്*

പ്രിയരെ,

നമ്മുടെ സ്കൂളുകൾ പുതിയ മുന്നേറ്റങ്ങളിലൂടെ കടന്ന് പോകുകയാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല എല്ലാ കാലത്തും മികവിന്റെ പര്യായമായിരുന്നു. പുതിയ കാലത്ത് വിദ്യാഭ്യാസം വെറും ക്ലാസ് മുറികളിലുള്ള പഠനം മാത്രമല്ല. പാഠപുസ്തകത്തിനപ്പുറത്തേക്ക് പഠന പ്രവർത്തനങ്ങളെ വികസിപ്പിക്കുക, അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുക, ഭാവി ജീവിതത്തിലേക്ക് അവ പ്രയോജനപ്പെടുത്താനുള്ള കഴിവും, ശേഷിയും വികസിപ്പിക്കുക. ഇതിന് സഹായകരമാവുന്ന രീതിയിൽ നമ്മുടെ പ്രവർത്തനവും മുന്നോട്ട് പോകണം. നിരന്തരമായ പ്രവർത്തനങ്ങളാണ് നമ്മുടെ സ്കൂളിൽ ഇതിന്റെ ഭാഗമായി നടന്നു വരുന്നത്. തുടർ പ്രവർത്തനത്തിനുതകുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള അക്കാദമിക് മാസ്റ്റർ പ്ലാനിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ

**ദിവ്യ മനോജ്**
*എസ്.എം.സി ചെയർമാൻ*

അതിവേഗം ചലിച്ചുകൊണ്ടിരിക്കുന്ന
ലോകത്തിന് നീളെ ഓടാൻ പ്രാപ്തരാക്കുകയാണ്
വിദ്യാഭ്യാസ ലക്ഷ്യം. അതിനുതകുന്ന
തരത്തിൽ
പൊതുവിദ്യാലയങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്.
കൃത്യമായ ആസൂത്രണത്തിലൂടെ മാത്രമേ അത് സാധ്യമാകൂ.
അക്കാദമിക മാസ്റ്റർ പ്ലാനുകൾ ഇത്തരത്തിൽ
മികവുറ്റതാകണം. നമ്മുടെ മികച്ച
ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്.
ഇതിന് പിന്നിൽ പ്രവർത്തിച്ചവർക്ക്
കൃത്യമായ പിന്തുണ നൽകാൻ കഴിഞ്ഞതിൽ
സംതൃപ്തനാണ്. ഭാവി പ്രവർത്തനങ്ങൾക്ക്
എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ

**ബൈജു. എം.പി**
*പി.ടി.എ വൈസ് പ്രസിഡണ്ട്*

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതിക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ് | 1. പിറന്നാളിനൊരു പുസ്തകം |
| 2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 2. വായനക്കുറിപ്പ് |
| | 3. കഥ, കവിത, ശില്പശാല |
| 3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ് | 4. സെമിനാർ |
| | 5. ചുവർ മാഗസിൻ |
| 4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല | 6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ |
| | 7. സാഹിത്യപഠനയാത്ര |
| 5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 8. വായനക്കൂട്ടം - പുസ്തക ചർച്ച |
| | 9. അഭിമുഖം |

# പ്രവർത്തനപദ്ധതി വിശദീകരണം

പ്രവർത്തനം-1

## പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി | | |

പ്രവർത്തനം-2

## വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ-ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ<br>വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | PTA |

പ്രവർത്തനം-3

## ശില്പശാലകൾ - കഥ, കവിത,ആസ്വാദനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | PTA |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | PTA |
| ശില്പശാല - ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | 2000 | |

പ്രവർത്തനം-4

## ശില്പശാലകൾ - സെമിനാർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി അടിസ്ഥാന പാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കി സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | | |

പ്രവർത്തനം-5

## ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ /എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

പ്രവർത്തനം-6

## കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets -യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br><br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# HS

# സംസ്കൃതം

# അക്കാദമിക്ക് മാസ്റ്റർപ്ലാൻ

**2025-26**

| നമ്പർ | കാലദൈർഘ്യം | പ്രവർത്തനം | ലക്ഷ്യം |
|---|---|---|---|
| 1 | ദിവസവും ചെയ്യാവുന്ന പ്രവർത്തനങ്ങൾ | സംസ്കൃതസംഭാഷണം | സംഭാഷണസാമർത്ഥ്യം |
| | | സംസ്കൃതം വായന | വായനാസാമർത്ഥ്യം |
| | | ഒരു പദം പദത്തിൻറ്റെ അർത്ഥം | പദജ്ഞാനം അർത്ഥജ്ഞാനം |
| | | അവസരോചിതമായി ലഘുവായ പഠനതന്ത്രങ്ങളുടെ ആവിഷ്കരണം | പ്രോത്സാഹനം |
| | | ഉചിതമായ പ്രോത്സാഹനം നൽകൽ | |
| 2 | ദിവസവും ചെയ്യാവുന്ന പ്രവർത്തനങ്ങൾ | സംസ്കൃതഗ്രന്ഥശാല | പുസ്തകപരിചയം |
| | | സംസ്കൃതപുസ്തകവായന | വായനാശീലം |
| | | ഗദ്യപാരായണം | അക്ഷരസ്ഫുടത ഉച്ചാരണശുദ്ധി |
| | | പദ്യപാരായണം | |
| 3 | ആഴ്ചയിൽ ഒരിക്കൽ | സംസ്കൃതസമാജം | സഭാകമ്പനിവാരണം അവതരണപാടവം |
| | | കലാപരമായ കഴിവുകൾ അവതരിപ്പിക്കാനുള്ള അവസരം ഉചിതമായ പ്രോത്സാഹനം | |
| | | സംസ്കൃതോത്സവം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ | |
| 4 | മാസത്തിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ദിനാചരണ അവബോധം |

| | | | |
|---|---|---|---|
| 5 | മാസത്തിൽ ഒരു തവണ | സാങ്കേതികസംസ്കൃതം | സാങ്കേതികവിജ്ഞാനം |
| | | ഐ.ടിയിലൂടെ സംസ്കൃതപഠനം | |
| | | സംസ്കൃതം ടൈപ്പിംഗ് | |
| | | സ്ലൈഡ് പോസ്റ്റർ നിർമ്മാണം | |
| | | റെക്കോർഡിംഗ് | |
| | | വീഡിയോ നിർമ്മാണം | |
| | | പ്രദർശനം | പ്രോത്സാഹനം |
| 6 | മാസത്തിൽ ഒരു തവണ | വാർത്താസംസ്കൃതം | വാർത്താവബോധം |
| | | വാർത്താപത്രികാനിർമ്മാണം | നിർമ്മാണപാടവം |
| | | വാർത്താവായന പരിശീലനം | വാർത്താവായനാ പാടവം |
| | | വാർത്ത അവതരണം | സ്കൂളിൽ അവസരം |
| | | സംസ്കൃതം വാർത്തകൾ കാണാനും കേൾക്കാനുമുള്ള അവസരം | |
| 7 | മാസത്തിൽ ഒരു തവണ | കയ്യെഴുത്ത് മാസികാനിർമ്മാണം | നിർമ്മാണപാടവം |
| | | സംസ്കൃതാവതരണം സൃഷ്ടിക്കൽ | സംസ്കൃതജ്ഞാനം |
| | | നിർമ്മിച്ചവ സദസ്സിൽ പ്രസിദ്ധീകരിക്കൽ | പ്രസിദ്ധീകരണ സാമർത്ഥ്യം |
| 8 | വർഷത്തിൽ ഒരു തവണ | സംസ്കൃത പഠനയാത്ര | യാത്രയിലൂടെ അറിവ് നേടൽ |
| | | സംസ്കൃതപഠനകേന്ദ്രങ്ങൾ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് | അവബോധം |
| | | കലാകേന്ദ്ര സന്ദർശനം | |
| | | കവികളുടെയും മഹാൻമാരുടെയും ഗൃഹസന്ദർശനം | കവികളെക്കുറിച്ചും മഹാൻമാരെക്കുറിച്ചും ഉള്ള അറിവ് |
| | | കവികളുടെയും മഹാൻമാരുടെയുംസ്മാരക സന്ദർശനം | |
| | | കവികളുടെയും മഹാൻമാരുടെയുംസ്ഥാപന സന്ദർശനം | |

| | | | |
|---|---|---|---|
| 9 | വർഷത്തിൽ ഒരു തവണ | സാഹിത്യസംസ്കൃതം<br>കഥ-കവിത ക്യാമ്പ്<br>കഥാരചന<br>കവിതാരചന | സാഹിത്യസൃഷ്ടികളെ അടുത്തറിയുക<br>രചനാപാഠവം |
| 10 | വർഷത്തിൽ നാല് തവണ | കലാസംസ്കൃതം | കലാവബോധം |
| | | കലാപരിശീലനം | |
| | | കലാസംഘരൂപീകരണം | |
| | | വിദഗ്ദരുടെ ക്ളാസുകൾ | |
| | | കലായിനങ്ങൾ കാണുവാനുള്ള അവസരം | |
| 11 | വർഷത്തിൽ ഒരു തവണ | ദശപുഷ്പോദ്യാന നിർമ്മാണം | കൃഷിയറിവ് |
| | | കൃഷിയറിവ് നൽകൽ | |
| | | ഉചിതമായ സ്ഥലം കണ്ടെത്തൽ | |
| | | നടൽ | |
| | | നാമപത്രിക സ്ഥാപിക്കൽ | പദജ്ഞാനം |
| | ദിവസവും | പരിപാലനം | അവബോധം |
| 12 | വർഷത്തിൽ ഒരു തവണ | സംസ്കൃതം പേര് പരിചയപ്പെടുത്തൽ | പദജ്ഞാനം |
| | | പച്ചക്കറികൾ ശേഖരിക്കൽ | ശേഖരണപാഠവം |
| | | പഴങ്ങൾ ശേഖരിക്കൽ | |
| | | നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കൽ | |
| | | ശേഖരിച്ചവയുടെ പേര് സംസ്കൃതത്തിൽ എഴുതി പ്രദർശിപ്പിക്കൽ | പ്രദർശനപാഠവം |

**അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26**

**അറബിക് (HS)**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | വായന<br>കുട്ടികളിൽ വായാന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരൻ ആവുക | അറബിക് ലൈബ്രറി ശാക്തീകരണം. അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.വായനാ കോർണർ സ്ഥാപിക്കുന്നു. | 3 മാസം | ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി പൂർവ്വ വിദ്യാർഥികൾ, സ്പോൺസർഷിപ്പ് |
| 2 | എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | 6 മാസം | | അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ, സ്പോൺസർഷിപ്പ് |

| | | | | | |
|---|---|---|---|---|---|
| 3 | അറിവിൻ തിളക്കം<br>അറബിയിൽ പൊതുവിജ്ഞാനം നേടുക | മാസാന്ത ക്വിസ് കാർണിവൽ. ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | എല്ലാ മാസവും | ബോക്സ് ലാപ്ടോപ്പ് | അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ, സ്പോൺസർഷിപ്പ് |
| 4 | പ്രതിപകളെ കണ്ടെത്തൽ | പ്രതിപകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിപകളെ കണ്ടെത്തുന്നു. | 2 മാസം | സൗണ്ട് ബോക്സ്, സ്റ്റേജ് | അധ്യാപകർ |
| 5 | ദിനാചരണങ്ങൾ<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു. | ദിനാജരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | 1 വർഷം | പ്രൊജക്ടർ ലാപ്ടോപ്പ് ടി.വി | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 6 | <u>ആസ്വാദന</u> | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | 2 മാസം | പ്രൊജക്ടർ ലാപ്ടോപ്പ് ടി.വി | അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ, സ്പോൺസർഷിപ്പ് |
| 7 | അറബിക് ലാംഗ്വേജ് ലാബ് | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | 1 മാസം | പ്രൊജക്ടർ ലാപ്ടോപ്പ് ടി.വി സി. ടി | അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ, സ്പോൺസർഷിപ്പ് |
| 8 | അറബിക് ഫെസ്റ്റ് | അറബിക് ഫെസ്റ്റ് അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | 1 മാസം | പ്രൊജക്ടർ ലാപ്ടോപ്പ് ടി.വി സി. ടി | ഡയറ്റ്, പൂർവ്വ വിദ്യാർഥികൾ, സ്പോൺസർഷിപ്പ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഭൗതികശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| 1 | ശാസ്ത്രാഭിരുചി, ശാസ്ത്ര കൗതുകം വികസിപ്പിക്കാൻ ആവശ്യമായ പരീക്ഷണങ്ങളുടെ പ്രദർശനം. | രണ്ടാഴ്ച്ച | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് ഫണ്ട്, സയൻസ് ലാബ് ഫെസിലിറ്റി | |
| 2 | സയൻസ് പരീക്ഷണങ്ങളുടെ ശില്പശാല സംഘടിപ്പിക്കൽ | ഒരു ദിവസം | ബി ആർ സി | 3000 രൂപ | |
| 3 | ഗണിത പ്രശ്നനിർധാരണ ശേഷി വികസിപ്പിക്കാനുള്ള പ്രവർത്തനം നൽകൽ | ഒരാഴ്ച്ച | സയൻസ് ടീച്ചർ | 1000 രൂപ | |
| 4 | 8, 9, 10 ക്ലാസുകളിലെ കുട്ടികൾ ആർജ്ജിക്കേണ്ട ശാസ്ത്ര തത്വങ്ങൾ, ശാസ്ത്ര നിയമങ്ങൾ എന്നിവ മനസിലാക്കുന്നതിനുള്ള വ്യത്യസ്ത പഠന തന്ത്രങ്ങൾ ഉപയോഗിച്ചുള്ള ക്ലാസ്സ് | ഒരു മാസം | ബി ആർ സി | 3000 രൂപ | |
| 5 | പത്താം ക്ലാസ്സിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണം | ഒരു ദിവസം | സയൻസ് ക്ലബ്ബ് | 2000 രൂപ | |
| 6 | സ്റ്റിൽ മോഡൽ നിർമാണ പരിശീലനം | രണ്ടാഴ്ച്ച | ബി ആർ സി | പി ടി എ, എസ് എം സി | |
| 7 | സയൻസ് സെമിനാർ മത്സരം | രണ്ടു ദിവസം | സയൻസ് ടീച്ചർ | സയൻസ് ക്ലബ്ബ് ഫണ്ട് | |
| 8 | സയൻസ് ക്വിസ് പരിശീലനം | ഒരു മാസം | സയൻസ് ടീച്ചർ | | |
| 9 | സയൻസ് പ്രോജക്ടിനെ കുറിച്ചുള്ള ധാരണ കൈവരിക്കാനും ആശയ രൂപീകരണത്തിനുമുള്ള ക്ലാസ് | ഒരു ദിവസം | സയൻസ് ടീച്ചർ | | |
| 10 | ഉൽപ്പന്ന പ്രദർശനം (വർക്കിംഗ് മോഡൽ, എക്സ്പിരിമെൻറ്, സ്റ്റിൽ മോഡൽ) | ഒരു ദിവസം | സയൻസ് ക്ലബ്ബ് | | |
| 11 | നൂറ് പരീക്ഷണങ്ങൾ | നൂറ് ദിവസം | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് ഫണ്ട് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ :2025-26

## <u>രസതന്ത്രം</u>

| ക്രമ നം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 1 | "നൂറാം വാർഷികത്തിൽ നൂറു പരീക്ഷണങ്ങൾ" കുട്ടികൾക്ക് തന്റെ സഹപാഠികൾക്കു മുൻപിൽ അവതരിപ്പിക്കാൻ അവസരം ഉണ്ടാകുന്നു. | 10 മാസം | സയൻസ് ടീച്ചർ | സയൻസ് ക്ലബ് ഫണ്ട് | |
| 2 | ക്ലാസുകളിൽ ലഘു പ്രൊജക്ടുകൾ കൊടുത്തു മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | | |
| 3 | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി കോർണർ , ശാസ്ത്ര മാസിക പ്രസിദ്ധീകരണം | ഒരാഴ്ച | സയൻസ് ടീച്ചർ | 5000 | |
| 4 | ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒരു തവണ | ബി ആർ സി | 5000 | |
| 5 | വർഷത്തിലൊരു പ്രാവശ്യം കുട്ടികൾ നിർമ്മിച്ച മോഡലുകൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | | |
| 6 | ശാസ്ത്രകാരന്മാരുമായി സംവദിക്കാൻ അവസരം ഒരുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | 5000 | |
| 7 | 7. സംസ്ഥാന ജില്ലാതലത്തിലുള്ള ക്വിസ്,സെമിനാർ, പ്രൊജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | പിടിഎ | |
| 8 | 8. 8 9 10 പാഠഭാഗവുമായി ബന്ധപ്പെട്ട സ്റ്റിൽ മോഡൽ നിർമ്മാണ പരിശീലനം | രണ്ടാഴ്ച | ബി ആർ സി | പിടിഎ | |
| 9 | ലാബ് നവീകരണം | ഒരു വർഷം | ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | |

# അക്കാദമിക മാസ്റ്റർപ്ലാൻ-ജീവശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രവുമായി /ജീവശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളെ കുറിച്ച് അവബോധം വളർത്തിയെടുക്കുക /പ്രാധാന്യം തിരിച്ചറിയുക | 1. **ജൂൺ 5 -പരിസ്ഥിതി ദിനം** പോസ്റ്റർ നിർമ്മാണം, ചെടികൾ നടൽ, പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം - പ്രവര്ത്തനങ്ങൾ, ഹരിത കർമസേനയിലെ അംഗങ്ങളെ ആദരിക്കൽ, ക്വിസ്<br>2. **ജൂൺ 26. ലോക ലഹരി വിരുദ്ധ ദിനം-** പോസ്റ്റർ നിർമ്മാണം<br>3. **ജൂലൈ 21 -ചാന്ദ്ര ദിനം** പോസ്റ്റർ നിർമ്മണം , അതിഥി ക്ലാസ്സുകൾ, റോക്കറ്റ് നിർമ്മാണം | അക്കാദമിക വർഷം | ജീവശാസ്ത്ര ക്ലബ്ബ്/സയൻസ് ക്ലബ്ബ് | പി ടി എ /ക്ലാസ് പാർലമെൻ്റ് |

| | | | | | |
|---|---|---|---|---|---|
| | | 4. **ജൂലൈ 28-ലോക പ്രകൃതി സംരക്ഷണ ദിനം**<br>പ്രകൃതി നടത്തം<br>5. **ആഗസ്ത് 17-കർഷക ദിനം**<br>കാർഷിക കേന്ദ്ര സന്ദർശനം<br>കര്ഷകരുമായി അഭിമുഖം<br>6. **ആഗസ്ത് 20- ലോക കൊതുകുനിവാരണ ദിനം**<br>ഡ്രൈ ഡേ, ചുറ്റുപാട് വൃത്തിയാക്കൽ ബോധവൽക്കരണ ക്ലാസ്<br>7. **സെപ്റ്റംബർ 16- ഓസോൺ ദിനം**<br>പോസ്റ്റർ രചന<br>സെമിനാർ<br>അവതരണം ,ക്വിസ് | | | |

| | | | | | |
|---|---|---|---|---|---|
| | | **8. ഒക്ടോബർ 2-8**<br>**വന്യ ജീവി**<br>**വാരാഘോഷം**<br>ബോധവൽക്കരണ ക്ലാസ്<br>ഫീൽഡ് ട്രിപ്പ്<br>**9. ഒക്ടോബർ 16-ലോക ഭക്ഷ്യ ദിനം**<br>സെമിനാര്<br>അവതരണം<br>പാനല് ചർച്ച<br>**10. നവംബർ 12-പക്ഷി നിരീക്ഷണ ദിനം**<br>ഫീൽഡ് ട്രിപ്പ്<br>11. **നവംബർ 14-ദേശീയ പ്രമേഹ ദിനം** -<br>സർവേ,<br>ബോധവൽക്കാരണ ക്ലാസ്<br>**12. ഡിസംബർ 1-ലോക എയിഡ്സ് ദിനം**<br>പോസ്റ്റർ നിർമ്മണം | | | |

| | | | | | |
|---|---|---|---|---|---|
| | | ,ബോധവൽക്കരണ റാലി<br>13. **ഡിസംബര് 5- അന്താരാഷ്ട്ര മണ്ണ് ദിനം**<br>ഗവേഷണ സ്ഥാപന സന്ദർശനം<br>14. **ഡിസംബർ 14-ഊർജ്ജ സംരക്ഷണ ദിനം**<br>സെമിനാർ അവതരണം<br>15. **ഫെബ്രവരി 2-ലോക തണ്ണീർത്തട ദിനം**<br>സെമിനാർ അവതരണം, ഫീല്ഡ് ട്രിപ്പ്<br>16. **ഫെബ്രവരി 4- ലോക അർബുദ ദിനം**<br>ബോധവൽക്കാരണ ക്ലാസ്<br>17. **ഫെബ്രവരി 28-ലോക ശാസ്ത്ര ദിനം**<br>പോസ്റ്റർ രചന , പരീക്ഷണങ്ങൾ അവതരിപ്പിക്കൽ, സെമിനാർ അവതരണം, ഡിബേറ്റ് | | | |

| | | | | | |
|---|---|---|---|---|---|
| | | 18.മാർച്ച് 8-ലോക വൃക്ക ദിനം ബോധവൽക്കരണ ക്ലാസ് | | | |
| 2 | ശാസ്ത്രവുമായി ബന്ധപ്പെട്ട് പുതിയ അറിവുകൾ /കണ്ടുപിടിത്തങ്ങൾ പരിചയപ്പെടൽ | ശാസ്ത്രകോർണർ രൂപീകരണം | അക്കാദമിക വർഷം | സയൻസ് ക്ലബ് - ക്ലാസ് തലം | സയൻസ് ക്ലബ് |
| 3. | പ്രശസ്തരരായ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | ജീവശാസ്ത്രജ്ഞരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ | ആഗസ്ത് | ക്ലാസ്തലം | ക്ലാസ്തല പാർലമെന്റ് |
| 4. | പ്രായോഗിക വിജ്ഞാനം കൈവരിക്കൽ | ജീവശാസ്ത്ര ലാബ് സന്ദർശനം | ഒക്ടോബർ | സയൻസ് ക്ലബ് | സയൻസ് ക്ലബ്ബ് |
| 5. | ഗകവഷണ രംഗത്തെ മുന്നേറ്റങ്ങൾ/ആധുനിക പ്രവണതകൾ പരിചയപ്പെടൽ | ഗവേഷണ സ്ഥാപന സന്ദർശനം | നവംബർ | സയൻസ്ക്ലബ് | പിടിഎ |
| 6. | നേരറിവ് സമ്പാദിക്കൽ /പ്രകൃതി സ്നേഹം വളർത്തൽ | ഫീൽഡ് ട്രിപ്പ് | ജനുവരി | സയൻസ്ക്ലബ് | സയൻസ്ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 7. | അന്വേഷണ തൃഷ്ണ വര്ധിപ്പിക്കൽ , നേരറിവ് നേടൽ | വിവിധ തരം ക്വിസ് , പ്രോജക്റ്റ് സെമിനാർ അവതരണ മൽസരങ്ങളിൽ പങ്കെടുക്കുന്നു | അക്കാദമിക വര്ഷം | സയൻസ്ക്ലബ് | സയൻസ്ക്ലബ് |
| 8. | ആരോഗ്യ ബോധം സൃഷ്ടിക്കൽ, ആരോഗ്യ സർവേ | മെഡിക്കല് ചെക്ക് അപ്പ് ക്യാമ്പ് | ഒക്ടോബർ - നവംബര് | സയൻസ്ക്ലബ് | പി ടി എ |

| മേഖല – ഹൈസ്കൂൾ – ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീക വിശകലനം** |
| 1) ആശയ ധാരണ കൈവ രിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീ വിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

www.apluseducare.blogspot.com or Whatsapp 9746544422

# ACADEMIC MASTERPLAN

Social Science 2025-26 GHSS Peringolam

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക, ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഞാനായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, [illegible] |
| 3) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# മലയാളം

## ലക്ഷ്യങ്ങൾ:-

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ഉള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
- പത്രം തയ്യാറാക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വായന | ചിത്ര വായന<br>വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ | രക്ഷിതാക്കൾ |
| | വായനാ മൂല ഒരുക്കൽ<br>പത്രവായന<br>വായന കാർഡ് തയ്യാറാക്കൽ. | ജൂലൈ<br>ഓഗസ്റ്റ് | രക്ഷിതാക്കൾ |
| ലേഖനം | ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>സചിത്ര ബുക്ക്<br>സംയുക്ത ഡയറി എഴുത്ത്.<br>ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ,പദങ്ങൾ എന്നിവ കണ്ടെത്തുന്നു,എഴുതുന്നു. | സെപ്റ്റംബർ | അധ്യാപകർ |
| | സാങ്കല്പിക ഡയറി എഴുതുന്നു<br>വരികൾ കൂട്ടിച്ചേർക്കുന്നു | ഡിസംബർ | അധ്യാപകർ |
| | ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു<br>സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | ജനുവരി<br>മാർച്ച് | രക്ഷിതാക്കൾ |

# പരിസര പഠനം

**ലക്ഷ്യങ്ങൾ:-**

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- വിവിധതരം സസ്യങ്ങൾ (മരങ്ങൾ ,ചെറിയ ചെടികൾ ,പൂക്കുന്നവ ,പൂക്കാത്തവ )കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര് ,തണ്ട്, ഇല, പൂവ് ,കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
- പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ നിറം, (ഇതളുകളുടെ എണ്ണം ,ചെറുത് ,വലുത് )പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, ആകൃതി ,മണം ,വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്നു കണ്ടെത്തൽ. | പ്രകൃതിനടത്തം | ജൂൺ | അധ്യാപകർ പിടിഎ അംഗങ്ങൾ രക്ഷിതാക്കൾ |
| | ചുറ്റുപാടുള്ള മരങ്ങൾ,ചെടികൾ നിരീക്ഷിക്കുന്നു | ഓഗസ്റ്റ് | |
| ചെടികൾക്ക് വേര്, തണ്ട് ,ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | | |
| | സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു. | സെപ്റ്റംബർ | അധ്യാപകർ |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | ഒക്ടോബർ നവംബർ | പിടിഎ അംഗങ്ങൾ രക്ഷിതാക്കൾ |
| | പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ ,പൂക്കൾ എന്നിവ കൊണ്ടുവരുന്നു. | ഡിസംബർ | |
| | ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷണയോഗ്യം ആയത് എന്ന് കണ്ടെത്തുന്നു. | ജനുവരി | അധ്യാപകർ |
| | രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | ഫെബ്രുവരി /മാർച്ച് | രക്ഷിതാക്കൾ |

# ENGLISH

Class:1

Aim: To speak, Read& write english with out any mistake

June and July

To develop listening skills and reading skills.

Listening skills

- Games, action songs, Hello English activities
- Conversations

speaking skills

- Identify the naming words from the picture.
- Identify the action words from the same picture
- Picture Reading
- Make simple sentences using the pictures

August and September

Develop creative speaking and writing

Reading skills

- Rhyming words
- Describing words
- Text book activities
- Find words

Writing skills

- Make word web
- Picture description
- Make riddles, conversations
- Add more lines

October and November

To express thoughts feelings etc, descriptions

December and January

- To develop the creative speaking and writing
- To express thoughts, feelings etc

Reading skill

- Conversations, skit stories using ICT

- Diary
- Writing skills
- Diary description

February and March

- To improve the presentation power
- Reading skill-conversations,Read diary
- Writing skill-Description, Thought, diary.

ഗണിതം

ക്ലാസ്സ്:1

പ്രവർത്തന പദ്ധതി

ലക്ഷ്യം

1. ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും, ആരോഹണ/അവരോഹണ ക്രമത്തിൽ ആക്കാനും.
2. രണ്ട് ഒരൊക്ക സംഖ്യകളുടെവ്യവകലനം
3. രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
4. ഒരക്ക സംഖ്യ പാറ്റേൺ
5. സംഖ്യകളുടെ(20ൽ താഴെ) സങ്കലനം,വ്യവകലനം.
6. 20ൽ താഴെയുള്ള സംഖ്യകളുടെ വ്യാഖ്യാനം
7. ഒന്നു മുതൽ 100 വരെ എഴുതാനും വായിക്കാനും
8. പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന്( രൂപയും പൈസയും)
9. കലണ്ടർ പരിചയപ്പെടൽ

പ്രവർത്തനങ്ങൾ

ജൂൺ,ജൂലൈ

- ഗണിത പഠനം രസകരമാക്കാൻ മുത്തുകൾ,ബോളുകൾ,ടോക്കനുകൾ, ചിത്ര കാർഡുകൾ,ഗെയിം ബോർഡുകൾ,ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

ആഗസ്റ്റ്,സെപ്റ്റംബർ

- ഗണിത കിറ്റ് എല്ലാ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ
- സംഖ്യാ കാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം. സങ്കലനപട്ടിക തയ്യാറാക്കൽ. സംഖ്യകളെ കല്ല് ഈർക്കിൽ മഞ്ചാടി തുടങ്ങിയ ഉപയോഗിച്ച് കൂട്ടങ്ങൾ ആക്കി മാറ്റൽ.

ഒക്ടോബർ, നവംബർ

- സംഖ്യാചാർട്ടുകൾ,സംഖ്യ സ്ലിപ്പുകൾ,ഡൈസ്,സംഖ്യ മാല പദസൂര്യൻ ഇവയുടെ നിർമ്മാണം, ഗണിതം ആസ്വാദ്യകരമാക്കാൻ ഗണിത ആലാപനം നടത്തൽ.

ഡിസംബർ, ജനുവരി

- സങ്കലനം വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ
- ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ.

ഫെബ്രുവരി, മാർച്ച്

- ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ,ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ. മാസങ്ങളുടെ പേര്,ആഴ്ചകൾ എന്നിവ കണ്ടെത്തൽ, ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.

# GHSS PERINGOLAM

# ACADEMIC MASTER PLAN

# 2025-26

# SECOND STANDARD

# ആമുഖം

ജിഎച്ച്എസ്എസ് പെരിങ്ങളം രണ്ടാം ക്ലാസ്സിലെത്തിയ മുഴവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

പ്രവർത്തന കലണ്ടർ

1. പ്രവർത്തന കലണ്ടർ
2. മലയാളം മധുരം
3. സംയുക്ത ഡയറി
4. പാട്ടു രങ്ങ്
5. സചിത്ര പുസ്തകം
6. റീഡേഴ്സ് തിയേറ്റർ
7. നാട്ടുവിശേഷം കൂട്ടെഴുത്ത്
8. ക്ലാസ് പത്ര

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ-മാർച്ച്

11. ഭാഷോത്സവം - ജനുവരി-

12. ഗണിത കേളികൾ - ജൂൺ-മാർച്ച്

13. ഗണിത കിറ്റ് - ജൂൺ-മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ-മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

18. വിജയ സ്പർശം - ജൂൺ - മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

## 3 : മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം** PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

-**ലക്ഷ്യപ്രസ്താവനകൾ.**

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. _ ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- **ചുമതല** -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- **സാമ്പത്തികം** - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം )

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – **BRC ( RS : 1000 )**

## 6 സചിത്ര പുസ്തകം.

- **ലക്ഷ്യപ്രസ്താവനകൾ** -

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർത്യ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർക്ത്യയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - **ചുമതല** -ക്ലാസ് ടീച്ചർ, രക്ഷിതാവ് - **സാമ്പത്തികം** CPTA ( RS : 5000 )

## -7 റീഡേഴ്സ് തിയേറ്റർ

- <u>ലക്ഷ്യപ്രസ്താവനകൾ</u> -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

- _ പ്രവർത്തന ഘട്ടങ്ങൾ. - - **SRG** യിൽ ആശയം പങ്കിടൽ (ജൂൺ)

- **_CPTA** യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

- _ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ ]

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ -മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- <u>ചുമതല</u> -ക്ലാസ് ടീച്ചർ.

- <u>സാമ്പത്തികം</u> -**BRC RS ( 1000 )**

## 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

- ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- _ പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

- .- പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

**- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ )**

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

ചുമതല : ക്ലാസ് ടീച്ചർ , CPTA , SRG

സാമ്പത്തികം : CPTA , BRC ( RS : 1000 )

## -9 - ക്ലാസ് പത്രം

- _ ലക്ഷ്യപ്രസ്താവനകൾ

- - - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠത തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

- __ പ്രവർത്തന ഘട്ടങ്ങൾ

